# കേരളം ജയിക്കും UDF നയിക്കും

Vote for
**UDF**



ഞാൻ നിങ്ങളുടെ സ്വന്തം പാറക്കൽ,
താങ്കൾക്ക് സുഖമായിരിക്കുമെന്ന് കരുതുന്നു.

ഏറെ സ്നേഹമുള്ള നാടാണ് നമ്മുടെ കുറ്റ്യാടി.
ഹൃദയത്തിൽ നന്മ സൂക്ഷിക്കുന്ന മനുഷ്യരുടെ
നാടാണിത്. ഒരു ജനപ്രതിനിധി,
പൊതുപ്രവർത്തകൻ എങ്ങനെ
പ്രവർത്തിക്കണമെന്ന് എന്നെ പഠിപ്പിച്ചത്
നിങ്ങളാണ്. കുറ്റ്യാടിയോട് കുറ്റ്യാടിയിലെ
ജനങ്ങളോട് ഞാനേറെ കടപ്പെട്ടിരിക്കുന്നു...



മലബാറിന്റെ നെല്ലറയാണ്
നമ്മുടെ നാട്. നാടിനെ
ഊട്ടുന്ന കർഷകരുടെ മണ്ണാണ്.
കുറ്റ്യാടി തേങ്ങ അതിപ്രശസ്തമാണ്.
കാർഷിക മേഖലയാണ് നമ്മുടെ നട്ടെല്ല്.
കർഷകരാണ് നമ്മുടെ ജീവനാഡി.
മണിമല നാളികേര പാർക്ക്
നമ്മുടെ സ്വപ്നമായിരുന്നു.
അത് പാതിവഴിയിലാണ്.
നമുക്കത് വീണ്ടെടുക്കണം.
കൂടെയുണ്ടാവില്ലേ...?

നമ്മുടെ മക്കളാണ് ഈ നാടിന്റെ ഭാവി.
വിദ്യാഭ്യാസമാണ് നമ്മുടെ പുരോഗതി
നിർണയിക്കുന്നത്. അവർക്ക് ലോകത്തോളം
വളരാനാവണം. നമ്മുടെ മണ്ഡലത്തിലെ കോളേജുകൾ,
വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാവണം.
എന്ത് പഠിക്കണമെന്നും പഠിച്ചിറങ്ങിയാൽ
എങ്ങനെ ജോലി കണ്ടെത്താമെന്നും കൃത്യമായി
മനസ്സിലാക്കാൻ മെന്റർഷിപ്പ് പ്രോഗ്രാമുകൾ വേണം.
ഫിനിഷിംഗ് സ്കൂളുകൾ അവയിലബിൾ ആവണം.
Earn while learn പോലുള്ള പദ്ധതികൾ
കുട്ടികളെ ശാക്തീകരിക്കും. അതെന്റെ സ്വപ്നമാണ്.





രോഗം വന്നാൽ ശാരീരികമായി മാത്രമല്ല മാനസികമായും
ആളുകൾ തകർന്നു പോവുന്ന സ്ഥിതിയുണ്ട്.
അവരെ ചേർത്ത് പിടിക്കാൻ നമുക്ക് ബാധ്യതയുണ്ട്.
കിഡ്നി രോഗവും പക്ഷാഘാതവുമടക്കം നമുക്കിടയിൽ കൂടുകയാണ്.
ജീവിത ശൈലി രോഗങ്ങളെ പ്രതിരോധിക്കണം.
പ്രിവന്റീവ് മെഡിസിന്റെ സാധ്യതകൾ ഉപയോഗിക്കേണ്ടതുണ്ട്
കുറ്റ്യാടി താലൂക്കാശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ വേണം.
പാതിവഴിയിൽ കിടക്കുന്ന ഡയാലിസിസ് സെന്റർ പൂർണ്ണമായി
പ്രവർത്തന സജ്ജമാക്കണം. ആരോഗ്യ മേഖലയെ കരുതലിന്റെയും
കാര്യക്ഷമതയുടെയും ഇടമാക്കണം.



കുന്നും മലയും പുഴയും മാത്രമല്ല പൈതൃക സ്മാരകങ്ങളുമുള്ള
നാടാണ് നമ്മുടേത്. ടൂറിസം ഭൂപടത്തിൽ നമ്മെ
അടയാളപ്പെടുത്തേണ്ടതുണ്ട്. പയംകുറ്റി മലയെ ഒരു ടൂറിസം
ഹബ്ബാക്കി മാറ്റാൻ 2016-21 കാലയളവിൽ ശ്രമിച്ചിരുന്നു. അതിന്
വലിയ പിന്തുണയാണ് അന്നെനിക്ക് ലഭിച്ചത്. സമാന രീതിയിൽ
മറ്റ് സാധ്യതകളെ കൂടി നമുക്ക് ഉപയോഗിക്കാനാവണം.
കൈത്തറി, മൺപാത്ര നിർമ്മാണം തുടങ്ങി വിവിധ
മേഖലകളിൽ പ്രാവീണ്യമുള്ളവരെ, അവരുടെ കഴിവുകളെ
ലോകത്തിന് പരിചയപ്പെടുത്തണം.



രാജ്യത്തിന്റെ അഭിമാനം വാനോളമുയർത്തിയ
കോച്ച് നമ്പ്യാർ നമ്മുടെ മണ്ഡലക്കാരനായിരുന്നു.
നിരവധി കായിക താരങ്ങൾക്ക് ജന്മം നൽകിയ നാടാണിത്.
സ്പോർട്സ് വലിയ സാധ്യതയാണ്. അതിൽ താൽപര്യമുള്ളവർക്ക്
കൃത്യമായ ഗൈഡൻസും പരിശീലന സൗകര്യങ്ങളും
ഏർപ്പാടാക്കാനായാൽ നമ്മുടെ നാട്ടിൽ നിന്ന് അദ്ഭുതങ്ങളുണ്ടാവും.
നമ്മുടെ നാട് ലോകത്തോളം വളരും. ലഹരി പോലുള്ള
മഹാവിപത്തുകളിൽ നിന്ന് കുട്ടികളെ രക്ഷിക്കാനുള്ള
ഒരു മറുമരുന്നു കൂടിയാണ് സ്പോർട്സ്.



നാടിനെ പറ്റിയുള്ള എന്റെ ചില ആലോചനകൾ, ആഗ്രഹങ്ങൾ നിങ്ങളോട് പങ്കുവെച്ചതാണ്.
സ്വപ്നങ്ങളെ നമുക്ക് സാക്ഷാത്കരിക്കണം. ഈ നാടിനെ നമുക്ക് ഉയരങ്ങളിലെത്തിക്കണം.
എനിക്ക് നിങ്ങളുടെ പിന്തുണ വേണം. കൂടെയുണ്ടാവണം. കോണി അടയാളത്തിൽ വോട്ട്
രേഖപ്പെടുത്തി എന്നെ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സസ്നേഹം നിങ്ങളുടെ സ്വന്തം
**പാറക്കൽ അബ്ദുല്ല**

Vote for
**UDF**